ഡിജിറ്റൽ മാഗസീൻ

# മനം നിറച്ച കവിതകൾ




## ലിറ്റിൽ കൈറ്റ്സ്

## ഗവ:ഗേൾസ് ഹൈസ്കൂൾ ചവറ

# പ്രവേശകം

ഉള്ളടക്കം


കാളകൾ........................................... 4

പി.ഭാസ്കരൻ........................................

വെള്ളിലവള്ളി.................................... 5

വൈലോപ്പിള്ളി...................................

അമ്പാടിയിലേക്ക്.............................. 6


ചെറുശ്ശേരി...........................................

തോന്ന്യാക്ഷരങ്ങൾ.............................. 7


ഒ.എൻ.വി.കുറുപ്പ്..................................

പണ്ടത്തെപ്പാട്ടുകൾ............................... 8

വള്ളത്തോൾ........................................




shutterstock.com • 654059518



പി ഭാസ്കരൻ

# കാളകൾ

തോളത്തുകനംതൂങ്ങും വണ്ടിതൻ തണ്ടുംപേറി
കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
റ്റുത്തു വണ്ടിക്കയ്യിലിരികരളപ്പൂ കൂനിക്കൂടി.
തോളുകൾ കുനിഞ്ഞിട്ടുണ്ടവനും, സ്വജീവിത-
നാളുകൾ തൽകണ്ഠത്തിലേറ്റിയ നുകം പേറി.
കാലുകൾ തേഞ്ഞിട്ടുണ്ടിന്നവനും നെടുനാള-
ക്കാലത്തിൻ കരാളമാം പാതകൾ താണ്ടിത്താണ്ടി.
ദുർവിധി കുടിച്ചെന്നും മിഴിനീർ വറ്റുകയാൽ
നിർവികാരങ്ങളാണാക്കണ്ണുകൾ നിർജീവങ്ങൾ.
മന്നിന്റെ നിലയ്ക്കാത്ത പ്രഹരം സഹിക്കയാൽ
പുണ്ണുകൾ പടർന്നിട്ടുണ്ടവനും കരൾക്കാമ്പിൽ.



വൈലോപ്പള്ളി ശ്രീധരമേനോൻ



# വെള്ളിലവള്ളി

കമ്മലിനൊക്കും പൂവുകൾ, ചാരേ
നിർമ്മലവെള്ളപ്പട്ടിലകൾ,
ചില്ലകൾതോറും ന്യൂറുകണക്കിന്ന
നല്ല പതുത്തൊരു പച്ചിലകൾ
വെള്ളിലവള്ളിയിതെല്ലാം ചാർത്തി-
ത്തുള്ളിരസിച്ച തിമിർക്കുമ്പോൾ
ഉള്ളിലസൂയപ്പെട്ടു വാടി-
ക്കുള്ളിലനേകം പൂച്ചെടികൾ






മന്ദമണഞ്ഞു വനികയിലേക്കൊരു
സുന്ദരിയാം ചെറുപൂമ്പാറ്റ,
ചേതോഹരമായി വായുവിൽ നീന്തിട്ട-

# അമ്പാടിയിലേക്ക്



ചെറുശ്ശേരി

മായംകളഞ്ഞുള്ള മാമുനിമാരുടെ
മാനസമായൊരു മന്ദിരത്തിൽ

നിന്നുവിളങ്ങിന നന്ദകുമാരനെ-
ച്ചെന്നങ്ങു കാണ്മതിന്നായിച്ചെമ്മേ


അക്രൂരമായൊരു മാനസംപൂണ്ടുള്ളൊ-
രക്രൂരനാകിന യാദവന്താൻ

ചൊൽകൊണ്ടു നിന്നൊരു തേരിൽക്കരേറിയ-

ദിക്കിനെ നോക്കി നടന്നാനപ്പോൾ.
പോകുന്നനേരത്തു തന്നിലെ നണ്ണിനാൻ

ഗോവിന്ദപാദങ്ങളുള്ളിലാക്കി:

'കണ്ണനെക്കാണ്മതിന്നായല്ലോ പോകുന്നു



# തോന്ന്യാക്ഷരങ്ങൾ





ഒ.എൻ.വി.കുറുപ്പ്

"ഈ ജീവിതകഥ പറയാൻ
വെറുമൊരു പിടി
വാക്കുകൾ മാത്രം !
ഈ സാഗരനീലിമയാകെ
കോരിയെടുക്കാൻ
കുടിയൊരാളുകൾ മാത്രം !

ഇതെന്തപൂർണതയെന്നറിയുമ്പോഴുമീയസ്വസ്ഥത !
അക്കഥ പറയാൻ തേടി
അക്കടൽനീലിമ കോരിപകരാൻ ചെപ്പുകൾ തേടി,
സർഗസപര്യയിൽ മുഴുകുമൊസ്വസ്ഥതയിൽ
ഞാനെൻ സ്വസ്ഥത തേടുന്നു !

# പണ്ടത്തെപ്പാട്ടുകൾ





വള്ളത്തോൾ

നമ്മുടെ മാതാവു-കൈരളി-പണ്ടൊരു -
പൊന്മണിപൈതലായ് വാണകാലം -
യാതൊരു ചിന്തയുമില്ലാതെ കേവലം
ചേതസി തോന്നിയ മാതിയിൽ ,


ഏടലർച്ചെങ്കാൽച്ചിലങ്ക കിലുങ്ങുമാ -
റോടിക്കളിച്ചു രസിച്ച കാലം -
പൊറ്റമ്മതഞ്ഞുടെ വെണ്മുലപ്പാൽ തിരെ
വറ്റിയിരുന്ന പഴങ്കഥപ്പാട്ടുകല്ൾ
പാൽക്കുഴമ്പല്ലോ ചെകിട്ടിനെല്ലാം



എ.പി.ജെ.അബ്ദുൽകലാം

"എല്ലാവരും ഒരുപോലെ കഴിവുള്ളവരാകണമെന്നില്ല,എന്നാൽ സ്വന്തം കഴിവുകളെ വികസിപ്പിക്കാനുള്ള അവസരം ഏവർക്കും ഒരുപോലെയാണ് ".

"ഞാൻ പെർഫക്റ്റ് ആണ് ,എനിക്ക് അത് ചെയ്യാൻ സാധിക്കും ദൈവം എപ്പോഴും എന്നോട് കൂടെയുണ്ട് ഞാനായിരിക്കും എപ്പോഴും വിജയി ഇന്നാണ് എന്റെ ദിവസം".



# നന്ദി